ടി.കെ ഉബൈദ്



**ഖുർആൻ ബോധനം**

# 1186

# സൂറ-42 / അശ്ശൂറാ

**സൂക്തം: 35-39**

ഈമാനും തവക്കുലുമുള്ളവർ അനിഷ്ടങ്ങളുണ്ടാകുമ്പോൾ മുൻകോപികളായി എടുത്തുചാടുകയില്ല. ആളുകളുടെ തെറ്റുകുറ്റങ്ങൾ പരമാവധി ക്ഷമിക്കുകയും പൊറുക്കുകയും ചെയ്തുകൊണ്ട് സൗമനസ്യത്തോടെ പെരുമാറും. ക്ഷമയും വിട്ടുവീഴ്ചയും പതിത്വമായും ദൗർബല്യമായും കാണുന്നവരുണ്ട്. വാസ്തവത്തിൽ പ്രതികാരത്തിനു കഴിവുണ്ടായിട്ടും ക്ഷമിക്കുന്നത് ബലവും ഔന്നത്യവുമാണ്. ക്ഷമയും വിട്ടുവീഴ്ചയും അനുവർത്തിക്കുന്നവൻ അജയ്യതയും അന്തസ്സും മാത്രമാണ് വളർത്തുന്നതെന്നു പ്രവാചകൻ പ്രസ്താവിച്ചിട്ടുണ്ട്.

وَيَعْلَمَ ٱلَّذِينَ يُجَٰدِلُونَ فِىٓ ءَايَٰتِنَا مَا لَهُم مِّن مَّحِيصٍ ﴿٣٥﴾

35. നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ചു തർക്കിക്കുന്നവർക്ക് അതുവഴി ബോധ്യമാകാൻ; തങ്ങൾക്ക് രക്ഷാസങ്കേതമേതുമില്ലെന്ന്.

**35**

وَيَعْلَمَ = അറിയാൻ (അതുവഴി ബോധ്യമാകാൻ)

الَّذِينَ يُجَادِلُونَ فِي آيَاتِنَا = നമ്മുടെ ദൃഷ്ടാന്തങ്ങളിൽ (ങ്ങളെക്കുറിച്ച്) തർക്കിക്കുന്നവർക്ക്

مَا لَهُم مِّن مَّحِيصٍ = അവർക്ക് രക്ഷാസങ്കേതം ഏതുമില്ലെന്ന്

ഈ സൂക്തം മുൻ സൂക്തത്തിൽനിന്നു വ്യതിരിക്തമായ സ്വതന്ത്ര സൂക്തമായും മുൻ സൂക്തവുമായി സമാസിച്ചുകൊണ്ടും പാരായണം ചെയ്യപ്പെട്ടിരിക്കുന്നു. സ്വതന്ത്ര വാക്യമാകുമ്പോൾ وَيَعْلَمُ എന്നാണ് പാഠം. കടൽക്ഷോഭത്തിലകപ്പെട്ടു മുങ്ങിനശിക്കുന്നതിലൂടെയും രക്ഷപ്പെടുന്നതിലൂടെയും ദൈവിക ദൃഷ്ടാന്തങ്ങളെക്കുറിച്ചു കുതർക്കങ്ങളുന്നയിച്ചുകൊണ്ടിരിക്കുന്നവർക്ക് അനായാസം മനസ്സിലാകും; രക്ഷാ ശിക്ഷകളുടെ പരമാധികാരം അല്ലാഹുവിന്റെ മാത്രം ഹസ്തങ്ങളിലാകുന്നു എന്ന്. അവന്റെ പിടിയിൽനിന്ന് ഓടിയൊളിക്കാനൊരിടവും പ്രപഞ്ചത്തിലെങ്ങുമില്ല. സമാധാനത്തിനും ആശ്വാസത്തിനും വേണ്ടി ഓടിച്ചെല്ലാനുള്ള ഇടമാണ് مَحِيص. അതിന്റെ ക്രിയ حَاص. ക്രിയാനാമം حَيْصَة. കടൽക്ഷോഭത്തിലകപ്പെടുന്നതിലൂടെയും അതിൽനിന്ന് രക്ഷപ്പെടുന്നതിലൂടെയും രക്ഷാശിക്ഷകൾക്കുള്ള അല്ലാഹുവിന്റെ ആത്യന്തികമായ അധികാരവും കഴിവും മനസ്സിലാക്കുവിൻ -اعلموا- എന്ന ആഹ്വാനമാണിതെന്നും അഭിപ്രായമുണ്ട്. മുൻ

സൂക്തവുമായി സമാസിച്ചു വായിക്കുന്നവരുടെ പാഠം - وِيعْلَمَ എന്നാണ്. واو-നും يعلم-ക്കുമിടയിൽ لِ അനുക്തമായിട്ടുണ്ട്. അറിയാൻ എന്നർഥം. അല്ലാഹുവിന്റെ ഏകത്വത്തിലും രക്ഷാ-ശിക്ഷാ അധികാരത്തിലും കുതർക്കങ്ങളുന്നയിക്കുന്നവർ, അവന്റെ പിടിത്തത്തിൽനിന്ന് ഓടിയൊളിക്കാൻ ആർക്കും കഴിയില്ല എന്ന സത്യം മനസ്സിലാക്കുന്നതിനു വേണ്ടി കൂടിയാണ് ചിലരെ കപ്പൽച്ചേതത്തിലകപ്പെടുത്തുന്നതും ചിലരെ സുരക്ഷിതരായി കരകയറ്റുന്നതും എന്നു സാരം. രണ്ടു വ്യാഖ്യാനങ്ങളുടെയും സാരാംശം ഒന്നുതന്നെയാണ്. ●

---

فَمَآ أُوتِيتُم مِّن شَىْءٍ فَمَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَمَا عِندَ ٱللَّهِ خَيْرٌ وَأَبْقَىٰ لِلَّذِينَ ءَامَنُوا۟ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٣٦﴾

36. നിങ്ങൾക്കു ലഭിച്ചിട്ടുള്ളതെന്തും ഭൗതിക ജീവിതത്തിന്റെ വിഭവമാകുന്നു. സത്യവിശ്വാസികളായി സർവതും വിധാതാവിങ്കൽ സമർപ്പിച്ചവർക്ക് ഏറ്റം വിശിഷ്ടമായതും എന്നും നിലനിൽക്കുന്നതുമായ വിഭവം അല്ലാഹുവിങ്കലുള്ളതത്രെ.

**36**

فَمَا أُوتِيتُم = നിങ്ങൾക്കു (ലഭിച്ചതെന്തും) നൽകപ്പെട്ടതെന്തും = مِّن شَيْءٍ = വസ്തുവാൽ (എന്തും)
فَمَتَاعُ الْحَيَاةِ الدُّنْيَا = അതു ഭൗതിക ജീവിതത്തിന്റെ ചരക്ക് (വിഭവം) ആകുന്നു
وَمَا عِندَ اللَّهِ = അല്ലാഹുവിങ്കലുള്ളത് (അത്രെ) = خَيْرٌ = (ഏറ്റം) വിശിഷ്ടമായത്
وَأَبْقَىٰ = ഏറ്റം അവശേഷിക്കുന്നതും (എന്നും നിലനിൽക്കുന്നതും) لِلَّذِينَ آمَنُوا = സത്യവിശ്വാസികൾ ആ(യി)യവർക്ക്
وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ = അവരുടെ വിധാതാവിങ്കൽ ഭരമേൽപിക്കുകയും ചെയ്തവർക്ക് (സർവതും സമർപ്പിച്ചവർക്ക്)

وَلَوْ بَسَطَ اللَّهُ الرِّزْقَ...... എന്ന 27-ാം സൂക്തത്തിന്റെ അനുബന്ധമാണിത്. സാരമിതാണ്: അല്ലാഹു കൃത്യമായി അളന്നുമുറിച്ചു നൽകിക്കൊണ്ടിരിക്കുന്ന വിഭവങ്ങൾ നിങ്ങളുടെ ദൃഷ്ടിയിൽ കൂടുതലാകട്ടെ കുറഞ്ഞതാകട്ടെ, മുന്തിയതാകട്ടെ താണതാകട്ടെ, എന്തായാലും അത് ഭൗതിക ജീവിതത്തിന്റെ മാത്രം വിഭവങ്ങളാകുന്നു. എത്ര പെരുത്തതായാലും ഈ ക്ഷണിക ജീവിതം അവസാനിക്കുന്നതോടെ നിങ്ങൾക്ക് അതുമായി ഒരു ബന്ധവുമില്ല, ഉപയോഗവും ഇല്ല. അനന്തമായി പ്രയോജനപ്പെടുന്നതും നിലനിൽക്കുന്നതുമായ വിഭവം അല്ലാഹു അവങ്കൽ സൂക്ഷിച്ചിട്ടുള്ളതാകുന്നു. മനുഷ്യർ പരലോകത്തെത്തിയ ശേഷം മാത്രമേ ആ വിഭവങ്ങൾ വിതരണം ചെയ്യൂ. ഭൗതിക വിഭവങ്ങൾ പോലെ, പരലോകത്തെത്തുന്ന എല്ലാവർക്കും ഏറിയും കുറഞ്ഞും അതു വിതരണം ചെയ്യുന്നുമില്ല. ഭൗതിക ജീവിതത്തിലൂടെ ആ വിഭവ വിഹിതത്തിനവകാശം നേടിയവർക്കു മാത്രമേ ലഭിക്കൂ. സത്യ-ധർമങ്ങളോടുള്ള പ്രതിബദ്ധതയോടെ സർവവും അല്ലാഹുവിനു സമർപ്പിച്ചു വാഴുകയാണ് ആ അവകാശം നേടാനുള്ള ഒരേയൊരു വഴി. ●

---

وَٱلَّذِينَ يَجْتَنِبُونَ كَبَٰٓئِرَ ٱلْإِثْمِ وَٱلْفَوَٰحِشَ وَإِذَا مَا غَضِبُوا۟ هُمْ يَغْفِرُونَ ﴿٣٧﴾

37. ആ വിശ്വാസികൾ മഹാപാതകങ്ങളും മ്ലേച്ഛവൃത്തികളും വർജിക്കുന്നവരാകുന്നു. കോപിക്കുമ്പോൾ അവർ ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യുന്നു.

وَٱلَّذِينَ ٱسْتَجَابُوا۟ لِرَبِّهِمْ وَأَقَامُوا۟ ٱلصَّلَوٰةَ وَأَمْرُهُمْ شُورَىٰ بَيْنَهُمْ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ﴿٣٨﴾

38. തങ്ങളുടെ വിധാതാവിന്റെ വിളിക്ക് ഉത്തരം ചെയ്തവരും വ്യവസ്ഥാപിതമായി നമസ്കാരം സ്ഥാപിച്ചവരും. അവരുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ചു നടത്തുന്നവരും നാം നൽകിയിട്ടുള്ളതിൽനിന്ന് ചെലവഴിക്കുന്നവരുമാണവർ.

وَٱلَّذِينَ إِذَآ أَصَابَهُمُ ٱلْبَغْىُ هُمْ يَنتَصِرُونَ ﴿٣٩﴾

39. തങ്ങൾക്കെതിരെ അതിക്രമമുണ്ടായാൽ ചെറുക്കുന്നവരുമാകുന്നു.

**37-39**

وَالَّذِينَ يَجْتَنِبُونَ = (ആ വിശ്വാസികൾ) വർജിക്കുന്നവരാകുന്നു كَبَائِرَ الْإِثْمِ = മഹാപാതകങ്ങൾ
وَالْفَوَاحِشَ = മ്ലേഛവൃത്തികളും وَإِذَا مَا غَضِبُوا = അവർ കോപിക്കുമ്പോൾ
هُمْ يَغْفِرُونَ = (അവർ (ക്ഷമിക്കുകയും) പെറുക്കുന്നു (ക്കുകയും ചെയ്യുന്നു)
وَالَّذِينَ اسْتَجَابُوا لِرَبِّهِمْ = തങ്ങളുടെ വിധാതാവിന് (ന്റെ വിളിക്ക്) ഉത്തരം ചെയ്തവരും
وَأَقَامُوا الصَّلَاةَ = (വ്യവസ്ഥാപിതമായി സ്ഥാപിച്ചവരും) നമസ്കാരം നിലനിർത്തിയവരും وَأَمْرُهُمْ = അവരുടെ കാര്യം(ങ്ങൾ)
شُورَىٰ بَيْنَهُمْ = (പരസ്പരം കൂടിയാലോചിച്ചു നടത്തുന്നവരും) അവർക്കിടയിൽ കൂടിയാലോചനയാകുന്നു
وَمِمَّا رَزَقْنَاهُمْ يُنفِقُونَ = (ചെലവഴിക്കുന്നവരുമാകുന്നു) നാം അവർക്കു നൽകിയിട്ടുള്ളതിൽനിന്ന് അവർ ചെലവഴിക്കുന്നു
وَالَّذِينَ إِذَا أَصَابَهُمُ = (തങ്ങൾക്കെതിരെ ഉണ്ടായാൽ) അവർക്ക് ഏറ്റാൽ الْبَغْيُ = അതിക്രമം
هُمْ يَنتَصِرُونَ = (ചെറുക്കുന്നവരുമാകുന്നു) അവർ അതിജയിക്കുന്നു, തിരിച്ചടിക്കുന്നു

അല്ലാഹുവിങ്കൽ സൂക്ഷിച്ചിട്ടുള്ള പാരത്രിക വിഭവങ്ങൾ ലഭിക്കുക സത്യവിശ്വാസികളായി ജീവിതം അല്ലാഹുവിനു സമർപ്പിച്ചവർക്കാണെന്നു പ്രസ്താവിച്ചുകൊണ്ടാണല്ലോ മുൻസൂക്തം സമാപിച്ചത്. തുടർന്ന് ഈമാനും തവക്കുലും -വിശ്വാസവും- സമർപ്പണവും കർമജീവിതത്തെ സ്വാധീനിക്കുന്നതെങ്ങനെയെന്നു വിശദീകരിക്കുകയാണീ സൂക്തങ്ങൾ. ശരിയായ ഈമാനിന്റെ താൽപര്യമാണ് തവക്കുൽ. ഈമാനിന്റെയും തവക്കുലിന്റെയും അനിവാര്യ താൽപര്യമാണ് അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ചുകൊണ്ടുള്ള, തഖ്‌വയിൽ അധിഷ്ഠിതമായ ജീവിതം. അങ്ങനെ ജീവിക്കുന്നവരിൽ കാണപ്പെടേണ്ട സുപ്രധാനമായ ഏഴു ഗുണങ്ങൾ പറയുകയാണ്. 1) മഹാ പാപങ്ങളും മ്ലേഛകൃത്യങ്ങളും كَبَائِرَ الْإِثْمِ وَالْفَوَاحِشَ- വർജിക്കുക. ശരീഅത്ത് ശക്തിയായി വിരോധിക്കുകയും കഠിന ശിക്ഷ താക്കീതു ചെയ്യുകയും ചെയ്തിട്ടുള്ള കുറ്റകൃത്യങ്ങളാണ് كَبَائِرَ الْإِثْمِ. ദൈവത്തിന് പങ്കാളികളെ ആരോപിക്കുക, കൊലപാതകം, മാതാപിതാക്കളെ ദ്രോഹിക്കുക തുടങ്ങിയവ ഉദാഹരണം. മ്ലേഛവൃത്തികളും -فَوَاحِش- ഏറക്കുറെ كَبَائِرَ الْإِثْمِ തന്നെയാണ്. അതിൽ പാപത്തിന്റെ ഗൗരവത്തെക്കാൾ മ്ലേഛതയും അശ്ലീലതയും മികച്ചു നിൽക്കും. മോഷണം, പിടിച്ചുപറി, പരസ്ത്രീ ഗമനം, മാന്യന്മാരായ സ്ത്രീ-പുരുഷന്മാരിൽ ജാരബന്ധം ആരോപിക്കുക, പരദൂഷണം, ഏഷണി തുടങ്ങിയവ ഉദാഹരണം. കബാഇറും ഫവാഹിശും വർജിക്കുന്നതിന്റെ മറുവശമാണ് ധർമകർമങ്ങളും നീതിയും സത്യസന്ധതയും.

2) കോപം അടക്കുക. ഈമാനും തവക്കുലുമുള്ളവർ അനിഷ്ടങ്ങളുണ്ടാകുമ്പോൾ മുൻകോപികളായി എടുത്തുചാടുകയില്ല. ആളുകളുടെ തെറ്റുകുറ്റങ്ങൾ പരമാവധി ക്ഷമിക്കുകയും പൊറുക്കുകയും ചെയ്തുകൊണ്ട് സൗമനസ്യത്തോടെ പെരുമാറും. 3:134-ലും, സ്വർഗാവകാശികളാകുന്ന ദൈവഭക്തന്മാരെ -للمتقين- കോപം വിഴുങ്ങുന്നവരും ജനങ്ങളോട് വിട്ടുവീഴ്ചയോടെ പെരുമാറുന്നവരും - وَالْكَاظِمِينَ الْغَيْظَ وَالْعَافِينَ عَنِ النَّاسِ എന്നു വർണിച്ചിരിക്കുന്നു. ''അല്ലാഹുവിന്റെ പവിത്രതകൾ പിച്ചിച്ചീന്തപ്പെടുമ്പോഴല്ലാതെ, പ്രവാചകൻ തന്റെ സ്വന്തം കാര്യത്തിനുവേണ്ടി ഒരിക്കലും ആരോടും പ്രതികാരം ചെയ്തിട്ടില്ല'' എന്നു പ്രവാചക ശിഷ്യന്മാർ പ്രസ്താവിച്ചതായി പ്രബലമായ നിവേദനമുണ്ട്. ക്ഷമയും വിട്ടുവീഴ്ചയും പതിത്വമായും ദൗർബല്യമായും കാണുന്നവരുണ്ട്. വാസ്തവത്തിൽ പ്രതികാരത്തിനു കഴിവുണ്ടായിട്ടും ക്ഷമിക്കുന്നത് ബലവും ഔന്നത്യവുമാണ്. ക്ഷമയും വിട്ടുവീഴ്ചയും അനുവർത്തിക്കുന്നവൻ അജയ്യതയും അന്തസ്സും മാത്രമാണ് വളർത്തുന്നതെന്നു പ്രവാചകൻ പ്രസ്താവിച്ചിട്ടുണ്ട്.

മുത്തഖികളെ 'കോപിക്കാത്തവർ' എന്നു വിശേഷിപ്പിക്കാതെ 'കോപിച്ചാൽ പൊറുക്കുന്നവർ' എന്നു വിശേഷിപ്പിച്ചത് ശ്രദ്ധേയമാണ്. മനുഷ്യ സഹജമായ വികാരമാണ് കോപം. സന്തോഷം പോലെ മനുഷ്യനിൽ കോപവും ഉണ്ടാവുക പ്രകൃതിയുടെ താൽപര്യമാണ്. ചില സന്ദർഭങ്ങളിൽ കോപിക്കേണ്ടത് ആവശ്യവുമാകുന്നു. ഒരിക്കലും കോപിക്കാതിരിക്കുക ഒരു മനോവൈകല്യമാണ്. ഉപകാരത്തെയും ഉപദ്രവത്തെയും, അഭിമാനത്തെയും അപമാനത്തെയും, നേട്ടത്തെയും നഷ്ടത്തെയുമൊക്കെ ഒരുപോലെ കാണുന്നവരാണവർ. അക്രമത്തോടും അനീതിയോടും വെറുപ്പും രോഷവും ഉണ്ടാവണം. ധർമ സംസ്ഥാപനത്തിന്റെ താൽപര്യമാണത്. അതാണ് അല്ലാഹുവിനു വേണ്ടിയുള്ള കോപം. അല്ലാഹുവിനുവേണ്ടി കോപിക്കുന്നതും സ്നേഹിക്കുന്നതും സത്യവിശ്വാസിയുടെ സ്വഭാവത്തിൽ പെട്ടതാണെന്ന് നബി(സ) പ്രസ്താവിച്ചിട്ടുണ്ട്.

3) അല്ലാഹുവിനോടുള്ള വിധേയത്വവും അനുസരണവും. അതാണ് اسْتَجَابُوا لِرَبِّهِمْ എന്ന വാക്യത്തിന്റെ താൽപര്യം. അവരുടെ നാഥന് ഉത്തരം നൽകിയവർ എന്നാണ് ഭാഷാർഥം. അല്ലാഹു ആവശ്യപ്പെടുന്നതൊക്കെയും നിവർത്തിക്കുക അഥവാ അവന്റെ ആജ്ഞാ-നിരോധങ്ങളും ഉപദേശ നിർദേശങ്ങളും ജീവിത വ്യവഹാരങ്ങളിൽ നടപ്പാക്കിക്കൊണ്ട് വർത്തിക്കുകയാണ് അല്ലാഹുവിന്റെ വിളിക്ക് ഉത്തരം ചെയ്യൽ- استجابة.

4) ഇഖാമത്തുസ്സ്വലാത്. നമസ്കാരം കൃത്യമായി നിർവഹിക്കുന്നതോടൊപ്പം അത് സംഘടിതമായി നിർവഹിക്കാനാവശ്യമായ മസ്ജിദിന്റെ സ്ഥാപനവും അതു പരിപാലിക്കാനുള്ള ഏർപ്പാടുകളുമെല്ലാം ചേർന്നതാണ് ഇഖാമതുസ്സ്വലാത്. ഇതിനു മുമ്പും ഖുർആൻ ഈ ഉത്തരവാദിത്വം ആവർത്തിച്ചനുശാസിച്ചിരിക്കുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാന സ്തംഭങ്ങളിൽ അതിപ്രധാനമാണ് നമസ്കാരം. 'ഇസ്‌ലാമിനെയും കുഫ്റിനെയും വേർതിരിക്കുന്ന ഘടകമാണ് നമസ്കാര'മെന്ന് പ്രവാചകൻ പ്രസ്താവിച്ചിരിക്കുന്നു.

5) കൂടിയാലോചന -شورى. അല്ലാഹുവിൽ ഭരമേൽപി

**മലയാളി ഇസ്‌ലാമിനെ വായിച്ച ഏഴ് പതിറ്റാണ്ട്**

**പ്രബോധനം**

ഐ.എസ്.ടി ബിൽഡിംഗ്,
വെള്ളിമാട്കുന്ന്, കോഴിക്കോട് – 12

Manager: 0495 2730073
Circulation: 0495 2730744
Accounts: 0495 2732888
Whatsapp: 9544060886
(Circulation)

circulationprabodhanam@gmail.com
managerprabodhanamclt@gmail.com
acprabodhanam@gmail.com

**വരിസംഖ്യ**

2 വർഷം 1500
1 വർഷം 750
6 മാസം 375

Beneficiary:
Prabodhanam Weekly
Federal Bank - Nadakavu Branch
Current A/C No.
13000200015019
IFSC Code: FDRL0001300

ഗൂഗ്ൾ പേ/നെഫ്റ്റ് ചെയ്യുന്നവർ ഏജൻസി കോഡ്/ സബ് നമ്പർ എന്നിവ റിമാർക്സിൽ രേഖപ്പെടുത്തേണ്ടതാണ്. ബാങ്കിൽ പണമടക്കുന്നവർ ഏജൻസി നമ്പറും പേരും/ഹൽഖയുടെ കോഡും പേരും, സബ്സ്ക്രൈബറാണെങ്കിൽ സബ്സ്ക്രിപ്ഷൻ നമ്പറും പേരും എഴുതേണ്ടതാണ്. അഡ്രസ്സും ഫോൺ നമ്പറും ട്രാൻസ്ഫർ സ്ക്രീൻ ഷോർട്ടും മെയിൽ/ വാട്ട്സ്ആപ്പ് ചെയ്യേണ്ടതാണ്.

G Pay
accepted here
PRABODHANAM WEEKLY
8547273767@okbizaxis

+91 8547273767

ക്കുന്ന സത്യവിശ്വാസികൾ അവരുടെ വ്യക്തിപരവും സാമൂഹികവുമായ എല്ലാ കാര്യങ്ങളും അതു സംബന്ധിച്ച് വിവരമുള്ളവരുമായി കൂടിയാലോചിച്ചാണ് തീരുമാനിക്കുക എന്നാണ് وَأَمْرُهُمْ شُورَىٰ بَيْنَهُمْ എന്ന വാക്യത്തിന്റെ താൽപര്യം. കൽപന, വിഷയം, പ്രശ്നം, വ്യവസ്ഥിതി, ഭരണം, തത്ത്വസംഹിത, തീരുമാനം തുടങ്ങി അനേകം അർഥങ്ങൾ വഹിക്കുന്ന പദമാണ് امر. ശൂറായുമായി ചേർത്തുപറയുമ്പോൾ അതിന്റെ എല്ലാ അർഥങ്ങളും ഉദ്ദേശ്യമാകുന്നു. വ്യക്തിപരമായ കാര്യങ്ങളിലും ശൂറ അനുശാസിക്കപ്പെട്ടിരിക്കുന്നു. വ്യക്തിയുമായി മാത്രം ബന്ധപ്പെട്ട സ്വകാര്യ വിഷയങ്ങളിൽ ഉചിതമെങ്കിൽ മറ്റാരോടും ആലോചിക്കാതെ ഒറ്റക്കും തീരുമാനമെടുക്കാവുന്നതാണ്. ഏതു വിഷയത്തിലും ഒരാളുടെ ബുദ്ധിയിൽ തെളിയാത്ത വശങ്ങൾ മറ്റെയാളുടെ ബുദ്ധിയിൽ തെളിയാം. ഒരാൾക്കറിഞ്ഞുകൂടാത്ത വിവരങ്ങൾ മറ്റെയാൾ അറിയാം. വ്യത്യസ്ത വിവരങ്ങളും വീക്ഷണങ്ങളും സമുചരയിക്കുന്നതിലൂടെയാണ് ശരിയായ തീരുമാനം ഉരുത്തിരിഞ്ഞുവരിക. നബി(സ) പറഞ്ഞു: فمن إِسْتَشَارَ مِنْهُم لَمْ يَعْدِمِ رُشْدًا وَمَنْ تَرَكَهَا لَمْ تعدِمْ غَيًّا (എന്റെ സമുദായത്തിൽ കൂടിയാലോചിക്കുന്നവന് വിവേകം നഷ്ടമാവില്ല. അതുപേക്ഷിക്കുന്നവൻ പിഴക്കാതിരിക്കുകയുമില്ല). സാമൂഹിക കാര്യങ്ങളിൽ ശൂറ നിർബന്ധമാകുന്നു. സമൂഹത്തിന്റെ അടിസ്ഥാന യൂനിറ്റാണ് കുടുംബം. കുടുംബ കാര്യങ്ങൾ തീരുമാനിക്കുമ്പോൾ കുടുംബ നാഥൻ കുടുംബത്തിലെ എല്ലാ അംഗങ്ങളോടും ആലോചിക്കേണ്ടതാണ്. ഭാര്യാ ഭർത്താക്കന്മാർ അവരുടെയും കുട്ടികളുടെയും കാര്യങ്ങൾ പരസ്പരം ചർച്ച ചെയ്തു തീരുമാനിക്കണം. കുടുംബ കാര്യങ്ങൾ എല്ലാവരും കൂട്ടായി ആലോചിച്ചു തീരുമാനിക്കുക എന്നത് കുടുംബത്തിലെ അംഗങ്ങളുടെ ന്യായമായ അവകാശമാണ്. കുടുംബകാര്യങ്ങളിൽ അർഹമായ പരിഗണന ലഭിക്കുന്നുവെന്ന വിചാരം അംഗങ്ങൾക്കിടയിൽ സ്നേഹ ബന്ധം ദൃഢപ്പെടാനും സഹകരിച്ചു മുന്നോട്ടു പോകാനും ഏറെ സഹായകമാകും.

സാമൂഹിക വിഷയങ്ങളിൽ കൂടിയാലോചന -شورى- സമൂഹ നേതൃത്വത്തിന്റെ ബാധ്യതയാകുന്നു. 3:159-ൽ അല്ലാഹു പ്രവാചകനോട് കൽപിച്ചു: فَاعْفُ عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الْأَمْرِ (ജനങ്ങളോടു വിട്ടുവീഴ്ചയോടെ പെരുമാറുക. അവർക്കുവേണ്ടി പാപമോചനം തേടുക. കാര്യങ്ങൾ അവരോടു കൂടിയാലോചിക്കുകയും ചെയ്യുക). താൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പ്രവാചകൻ പ്രമുഖ ശിഷ്യന്മാരുമായി കൂടിയാലോചന നടത്തിയിരുന്നതായി ഹദീസുകളിൽ കാണാം. ചില സന്ദർഭങ്ങളിൽ തിരുമേനി ശിഷ്യന്മാരുടെ അഭിപ്രായം മാനിച്ച് സ്വന്തം തീരുമാനം മാറ്റിയതായും കാണാം. ബദ്ർ യുദ്ധവേളയിൽ മുസ്‌ലിംകൾ താവളമടിക്കാൻ നിർദേശിച്ച സ്ഥലം ശിഷ്യന്മാരുടെ അഭിപ്രായം മാനിച്ച് പ്രവാചകൻ മാറ്റുകയുണ്ടായി. ഉഹുദ് യുദ്ധത്തിൽ ശത്രുക്കൾ മദീനയിൽ പ്രവേശിക്കുമ്പോൾ ചെറുക്കാം എന്നാണ് പ്രവാചകനും ചില ശിഷ്യന്മാരും ആദ്യം അഭിപ്രായപ്പെട്ടത്. പിന്നീടദ്ദേഹം മറ്റു ചില ശിഷ്യന്മാരുടെ അഭിപ്രായം മാനിച്ച് ശത്രുക്കളെ മദീനയിൽ കടക്കാനനുവദിക്കാതെ ഉഹുദിൽ ചെന്ന് തടയുക എന്ന നിലപാടിലേക്കു മാറി. പ്രവാചകശിഷ്യൻ അബൂഹുറയ്റ പ്രസ്താവിച്ചതായി ഇമാം അഹ്മദ് ഉദ്ധരിക്കുന്നു: مَا رَأَيْتُ أَحَدًا أكثر مشورة لأصحابه من رسول الله صلى الله عليه وسلم (റസൂലി(സ)നെക്കാളധികം തന്റെ സഖാക്കളോട് കൂടിയാലോചിച്ച മറ്റൊരാളെയും ഞാൻ കണ്ടിട്ടില്ല). അബൂബക്ർ, ഉമർ, ഉസ്മാൻ എന്നീ ഖലീഫമാരെ തെരഞ്ഞെടുത്തത് കൂടിയാലോചനാ സമിതിയായിരുന്നു. ഖുലഫാഉർറാശിദൂൻ അവരുടെ കാലത്ത് മദീനയിൽ ജീവിച്ചിരുന്ന പരിണതപ്രജ്ഞരായ പ്രവാചക ശിഷ്യന്മാരുടെ ഉപദേശങ്ങളാരാഞ്ഞായിരുന്നു സുപ്രധാന ഭരണകാര്യങ്ങളും രാജ്യരക്ഷാ നടപടികളും സ്വീകരിച്ചിരുന്നത്. ദീനിൽ പാണ്ഡിത്യമുള്ളവരും രാജ്യതന്ത്രജ്ഞരുമായ ധിഷണാ ശാലികളായിരുന്നു അവരുടെ കൂടിയാലോചനാ സഭയിലെ അംഗങ്ങൾ. ഇവരാണ് സാങ്കേതികമായി اهل الحل والعقد എന്നും أولو الأمر എന്നും അറിയപ്പെട്ടത്. ശൂറാ അംഗങ്ങൾക്ക് പൂർവ പണ്ഡിതന്മാർ നിർദേശിച്ചിട്ടുള്ള പ്രധാന യോഗ്യതകൾ ഇവയാണ്: 1) ഖുർആനിലും സുന്നത്തിലുമുള്ള അഗാധമായ പാണ്ഡിത്യം. 2) കർമശാസ്ത്ര വിധികളിൽ ഇജ്മാഉള്ള വിഷയങ്ങളും ഭിന്നാഭിപ്രായമുള്ള വിഷയങ്ങളും സാമാന്യമായി അറിഞ്ഞിരിക്കുക. 3) ധിഷണാശക്തിയും

ഗവേഷണ(ഇജ്തിഹാദി) വൈഭവവും. 4) തഖ്‌വ. 5) സമൂഹത്തോടും രാഷ്ട്രത്തോടും ഉള്ള കറകളഞ്ഞ കൂറ്. 6) ശൂറ പരിഗണിക്കുന്ന വിഷയങ്ങളിൽ സഭാംഗത്തിന് നിക്ഷിപ്ത താൽപര്യങ്ങളില്ലാതിരിക്കുക. 7) രഹസ്യം സൂക്ഷിക്കുന്ന സ്വഭാവം. 8) ബുദ്ധിപരമായ സത്യസന്ധതയും നിഷ്പക്ഷതയും.

ശൂറാ അംഗങ്ങൾ തലസ്ഥാനത്ത് വസിക്കുന്നവരുമായിരിക്കും. ആധുനിക രീതിയിലുള്ള തെരഞ്ഞെടുപ്പും പാർലമെന്ററി സമ്പ്രദായവും അന്ന് ഉരുത്തിരിഞ്ഞുവന്നിരുന്നില്ല. എങ്കിലും മൊത്തം ജനതയുടെ പ്രതിനിധികളായി മദീനയിലെ നേതാക്കൾ പരിഗണിക്കപ്പെട്ടു. ഭരണാധിപൻ കൂടിയാലോചനാ സഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നത് തന്റെ താൽപര്യങ്ങളെ പിന്തുണക്കുന്നവരെ മാത്രമായിട്ടാകരുത്. ജനങ്ങൾക്ക് വിശ്വാസമുള്ളവരും ജനങ്ങളിൽ വിശ്വാസമുള്ളവരുമായ നിഷ്പക്ഷരായ പണ്ഡിതന്മാരും ധിഷണാ ശാലികളും വിവേകമതികളുമായിരിക്കണം. സ്വന്തം ശിങ്കിടികളെ മാത്രം ചേർത്ത് മജ്‌ലിസുശ്ശൂറാ തട്ടിക്കൂട്ടുന്നത് ശൂറാ സങ്കേതത്തെ വഞ്ചിക്കലാണ്.

ശൂറാ സഭ ആര്, എങ്ങനെ തെരഞ്ഞെടുക്കണം എന്നത് സമൂഹത്തിന്റെ സാഹചര്യമനുസരിച്ച് തീരുമാനിക്കേണ്ടതാണ്. ആധുനിക ജനാധിപത്യ രീതിയുടെ പല ഘടകങ്ങളും ശൂറാ വ്യവസ്ഥയിൽ ഉൾച്ചേർന്നിട്ടുണ്ട്. ഭരണാധികാരി ഏകാധിപതിയായിക്കൂടാ എന്നതും, ഭരണ നിർവഹണത്തിൽ ജനങ്ങളുടെ അഭിപ്രായങ്ങളും അഭിലാഷങ്ങളും മാനിക്കപ്പെടേണ്ടതുണ്ട് എന്നതും രണ്ടു വ്യവസ്ഥയിലും സുപ്രധാന മൂല്യങ്ങളാകുന്നു. എന്നാൽ, ജനാധിപത്യത്തിന്റെ ആത്മാവും ശൂറായുടെ ആത്മാവും തമ്മിൽ ഏറെ അന്തരമുണ്ട്. ജനങ്ങളുടെ പരമാധികാരത്തിലധിഷ്ഠിതമാണ് ജനാധിപത്യം. സാമൂഹിക ജീവിതത്തിൽ അല്ലാഹുവിന്റെ പരമാധികാരം ഉറപ്പുവരുത്താനുള്ളതാണ് ഇസ്‌ലാമിക ശൂറാ വ്യവസ്ഥ. അതിൽ ഭരണ നേതൃത്വത്തിനോ ജനപ്രതിനിധി സഭക്കോ പരമാധികാരമില്ല. മിക്ക ജനാധിപത്യ വ്യവസ്ഥിതികളും ഭരണഘടനയെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്. ഈ ഭരണഘടന നിർമിക്കുന്നതും ജനങ്ങളുടെ പേരിൽ ജനപ്രതിനിധികൾ തന്നെ. ജനങ്ങൾക്ക് അതു മാറ്റാനും അധികാരമുണ്ട്. ശൂറ പ്രവർത്തിക്കേണ്ടത് ഖുർആനും സുന്നത്തും അടിസ്ഥാനമാക്കിയാണ്. അതു രണ്ടും മാറ്റാൻ ശൂറക്കോ അവരെ തെരഞ്ഞെടുത്ത ജനങ്ങൾക്കോ അധികാരമില്ല. അല്ലാഹുവിനാൽ അഥവാ ഖുർആനിനാലും സുന്നത്തിനാലും നിയന്ത്രിക്കപ്പെടുന്നതാണ് ഇസ്‌ലാമിക വ്യവസ്ഥിതിയിൽ ജനങ്ങളുടെ അധികാരം. ഇതിനെ വേണമെങ്കിൽ ഥിയോ ഡമോക്രസി-ദൈവിക ജനാധിപത്യം എന്നു വിളിക്കാം.

ഖുർആനിനെ മറികടക്കാൻ പ്രവാചകനു പോലും അനുവാദമുണ്ടായിരുന്നില്ല. അല്ലാഹു പറഞ്ഞു:

إِنَّا نَحْنُ نَزَّلْنَا عَلَيْكَ الْقُرْآنَ تَنزِيلًا ﴿٢٣﴾ فَاصْبِرْ لِحُكْمِ رَبِّكَ وَلَا تُطِعْ مِنْهُمْ آثِمًا أَوْ كَفُورًا ﴿٢٤﴾

(പ്രവാചകാ, നാമാകുന്നു ഈ ഖുർആൻ നിനക്ക് ഖണ്ഡശ്ശ അവതരിച്ചിട്ടുള്ളത്. ആകയാൽ നീ നിന്റെ നാഥന്റെ ശാസനയിൽ സ്ഥൈര്യത്തോടെ നിലകൊള്ളണം. ജനത്തിലെ കുറ്റവാളികൾക്കും സത്യവിരോധികൾക്കും വഴങ്ങരുത് -76:23-24). അല്ലാഹുവിന്റെ നിയമങ്ങളിൽനിന്ന് വ്യതിചലി


# ബോധനം
ത്രൈമാസിക

**അടുത്ത ലക്കം 2022 നവംബർ ആദ്യവാരം പ്രസിദ്ധീകരിക്കുന്നു**

**ഖറദാവി: നിലപാടുകളുടെ ശൈഖ്; ഉദാര വീക്ഷണത്തിന്റെയും**
■ വി.എ കബീർ

**സൂറത്തുന്നബഅ്: വ്യാഖ്യാനം, സാഹിത്യ വിശകലനം**
■ മുഹമ്മദലി സ്വാബൂനി

**ട്രാൻസ്ജെൻഡർ, ഇന്റർ സെക്സ്: ഇസ്‌ലാമിക വീക്ഷണത്തിൽ**
■ കെ. ഇൽയാസ് മൗലവി

**ലിംഗ മാറ്റം: മതത്തിനും വൈദ്യശാസ്ത്രത്തിനും മധ്യെ**
■ ഡോ. മുഹമ്മദുൽ മഹ്ദി

**ഖുർആനിൽ ലിംഗ വിവേചനമോ?**
■ ഡോ. അക്റം കസാബ്

**ബൈബിളിനെ ശരിവെക്കുന്ന ഖുർആൻ?**
■ ഡോ. യൂസുഫുൽ ഖറദാവി

**ബനൂ ഖുറൈള സംഭവം: നബി(സ)യുടേത് രാഷ്ട്രീയ നടപടി**
■ ഇ.എൻ ഇബ്റാഹീം

**ഖൈറുദ്ദീൻ സിരിക്‌ലി**
■ പി.കെ ജമാൽ

**സർവ മത / സർവവേദ സത്യവാദം ശരിയെങ്കിൽ നബി (സ) യഹൂദരെയും ക്രൈസ്തവരെയും ക്ഷണിച്ചതെന്തിന്?**
■ സലീല

കൂടാതെ, മറ്റു ലേഖനങ്ങളും തുടർ പംക്തികളും

**കോപ്പികൾക്ക് മുൻകൂട്ടി വരിചേരുക.**
**വാർഷിക വരിസംഖ്യ: 120 രൂപ**
**ഒറ്റ പ്രതി: 30 രൂപ**

വില ₹ 30

വിലാസം: ബോധനം ത്രൈമാസിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാടുകുന്ന്, കോഴിക്കോട് - 12 ഫോൺ: 0495 2730727

ക്കുന്നവരും അതിനെ തള്ളിപ്പറയുന്നവരുമാണ് ജനത്തിലെ കുറ്റവാളികളും സത്യവിരോധികളും. വിശുദ്ധ ഖുർആൻ അനുശാസിച്ച ഒരു നിയമവും പ്രവാചകൻ സ്വന്തം നിലയിൽ ദുർബലപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല. അക്കാര്യത്തിൽ ആരോടും കൂടിയാലോചന നടത്തിയിരുന്നുമില്ല. ഖുർആൻ നൽകിയ നിർബന്ധം(فرض), അഭികാമ്യം (ندب), അനുവാദം(حلال), നിഷിദ്ധം (حرام), അനഭികാമ്യം (كراهة) തുടങ്ങിയ വിധികൾ അതേപടി നടപ്പാക്കുകയായിരുന്നു. എന്നാൽ, അതതു സാഹചര്യങ്ങളിൽ നിയമം നടപ്പാക്കേണ്ടതെങ്ങനെ എന്നതു സംബന്ധിച്ച കൂടിയാലോചന നടത്തുകയും പരിണത പ്രജ്ഞരുടെ അഭിപ്രായങ്ങൾ പരിഗണിച്ച് നടപടി ക്രമം ആവിഷ്കരിക്കുകയും ചെയ്തിരുന്നു. പ്രവാചകന്റെ കാലശേഷം രാഷ്ട്രീയ-സാമ്പത്തിക കാര്യങ്ങളിൽ ശൂറായുടെ പ്രാധാന്യം വർധിച്ചു. പ്രവാചക കാലത്ത് ഇല്ലാതിരുന്ന പല രാഷ്ട്രീയ-സാമ്പത്തിക പ്രശ്നങ്ങളും രംഗപ്രവേശം ചെയ്തു. ഖുർആനും സുന്നത്തും പരാമർശിച്ചിട്ടില്ലാത്ത നിയമപ്രശ്നങ്ങളും ഉയർന്നുവന്നു. അവയ്ക്കു പരിഹാരം കാണുന്നതിൽ ശൂറായുടെ പങ്ക് വലുതായിരുന്നു.

ശൂറാ സമിതിയുടെ തീരുമാനം ഭരണത്തലവൻ നിർബന്ധമായും അംഗീകരിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ പണ്ടുമുതലേ പണ്ഡിതന്മാർ ഭിന്നിച്ചിരിക്കുന്നു. ഇമാം ശാഫിഈ ഉൾപ്പെടെയുള്ള പൂർവ പണ്ഡിതന്മാർ ശൂറായുടെ തീരുമാനം സ്വീകരിക്കേണ്ടത് നിർബന്ധമല്ല എന്നാണഭിപ്രായപ്പെട്ടത്. ഭരണാത്തലവനെ മാർഗദർശനം ചെയ്യുകയാണ് ശൂറായുടെ ചുമതല. ശൂറ നൽകിയ മാർഗദർശനം ശരിയാണെന്നു ബോധ്യപ്പെട്ടാലേ സ്വീകരിക്കേണ്ടതുള്ളൂ. ഇല്ലെങ്കിൽ തലവന്ന് തനിക്കു ശരിയെന്നു ബോധ്യമുള്ള തീരുമാനവുമായി മുന്നോട്ടുപോകാം. ശൂറാ സഭ ഏകകണ്ഠമായോ ഭൂരിപക്ഷമായോ എടുത്ത തീരുമാനം ഭരണാധികാരി നിർബന്ധമായും അനുസരിക്കേണ്ടതാകുന്നു എന്നാണ് അല്ലാമാ യൂസുഫുൽ ഖറദാവി, മൗലാനാ മൗദൂദി തുടങ്ങിയ ആധുനിക പണ്ഡിതന്മാരുടെ നിലപാട്. കൂടുതൽ യുക്തിസഹമായി തോന്നുന്നത് ഈ നിലപാടാണ്. ശൂറായുടെ തീരുമാനം സ്വീകരിക്കേണ്ടത് നിർബന്ധമല്ലെങ്കിൽ അവരുമായി കൂടിയാലോചിക്കുക -وشاورهم في الأمر- എന്ന കൽപന പാലിക്കലും നിർബന്ധമല്ല എന്നുവരും. എന്നാൽ, ഖുർആനിനും സുന്നത്തിനും വിരുദ്ധമായ തീരുമാനങ്ങളെടുക്കാൻ ഭരണാധികാരിക്കെന്ന പോലെ ശൂറക്കും അധികാരമില്ല. ശൂറ അതിന് അധികാരമില്ലാത്ത തീരുമാനങ്ങളെടുത്താൽ ഭരണത്തലവനും സമുദായവും അത് തള്ളിക്കളയേണ്ടതാണ്.

6) إنفاق- ചെലവഴിക്കൽ. വിശ്വാസി അയാളുടെ എല്ലാ കഴിവുകളും ന്യായമായ രീതിയിൽ വ്യയം ചെയ്യുക എന്നാണ് -وَمِمَّا رَزَقْنَاهُمْ يُنفِقُونَ- ന്റെ താൽപര്യം. അല്ലാഹുവിൽ ഭരമേൽപിച്ച വിശ്വാസിയെ സംബന്ധിച്ചേടത്തോളം അയാളുടേത് എന്നു പറയപ്പെടുന്നതെല്ലാം അല്ലാഹു നൽകിയത് -رَزَقْنَاهُمْ- ആകുന്നു. ധനവ്യയമാണ് അതിൽ പ്രധാനം. انفاق -ചെലവഴിക്കൽ- നേരത്തെ പലവട്ടം പരാമർശിക്കപ്പെട്ടിട്ടുള്ളതും വിശദീകരിക്കപ്പെട്ടിട്ടുള്ളതുമാകുന്നു.

7) ധൈര്യവും സ്ഥൈര്യവും. തങ്ങൾക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങൾ ശക്തിയായി ചെറുക്കുന്നവരാണ് യഥാർഥ വിശ്വാസികൾ. അക്രമിയെ തിരിച്ചടിച്ചാൽ കൂടുതൽ ഗുരുതരമായ അക്രമത്തിനിടയാകുമെന്ന് കാണുന്നിടത്തു മാത്രമേ അക്രമം സഹിച്ചു നിൽക്കാവൂ. അല്ലാത്തിടത്ത്, നിസ്സംഗനും നിഷ്ക്രിയനുമായി അക്രമങ്ങൾക്ക് ഇരയായിക്കൊടുക്കുന്നത് അക്രമത്തെ പ്രോത്സാഹിപ്പിക്കുന്ന നീചകൃത്യമാകുന്നു. وَالَّذِينَ.... هُمْ يَنتَصِرُونَ എന്ന വാക്യവും ആദ്യം പറഞ്ഞ وَإِذَا مَا.... يَغْفِرُونَ എന്ന വാക്യവും തമ്മിൽ വൈരുധ്യമൊന്നുമില്ല. രണ്ടും രണ്ടു സാഹചര്യത്തിലാണ്. സ്വജനങ്ങളായി ഒന്നിച്ചു കഴിയുന്നവരിൽനിന്നുണ്ടാകുന്ന ദ്രോഹങ്ങളെക്കുറിച്ചാണ് ആദ്യ വചനം. ദീനിന്റെയും സമുദായത്തിന്റെയും പേരിൽ വിശ്വാസികളെ അക്രമിക്കുന്നവരെക്കുറിച്ചാണ് രണ്ടാമത്തെ പ്രസ്താവന. രണ്ടിടത്തും സജ്ജനങ്ങൾ സ്വീകരിക്കേണ്ട സമീപനമാണ് പറയുന്നത്. ചില സന്ദർഭങ്ങളിൽ ഇതിനു വിപരീതമായ സമീപനം രണ്ടിടത്തും പ്രസക്തമാകും. സ്വജനങ്ങളുടെ അക്രമത്തോടു സ്വീകരിക്കുന്ന മാപ്പും വിട്ടുവീഴ്ചയും അവർ കൂടുതൽ അക്രമം ചെയ്യാനുള്ള സൗകര്യമായെടുക്കുകയാണെങ്കിൽ ശക്തിയായി തിരിച്ചടിക്കേണ്ടിവരും. അതുപോലെ ദീനിന്റെയും സമുദായത്തിന്റെയും പേരിൽ അക്രമത്തിനൊരുമ്പെടുന്നവർ തിരിച്ചടിക്കപ്പെടുമ്പോൾ ക്ഷമാപണം ചെയ്ത് പിന്മാറുകയാണെങ്കിൽ അവരോടും ക്ഷമയുടെയും വിട്ടുവീഴ്ചയുടെയും സമീപനം സ്വീകരിക്കാം. എന്നല്ല, വിട്ടുവീഴ്ച ചെയ്യുന്നതാണ് തഖ്‌വയുമായി കൂടുതൽ യോജിക്കുന്നത് - وَأَن تَعْفُوا أَقْرَبُ لِلتَّقْوَىٰ (2:237).

തൊട്ടടുത്ത സൂക്തത്തിൽ فَمَنْ عَفَا وَأَصْلَحَ فَأَجْرُهُ عَلَى اللَّهِ (ഒരുവൻ വിട്ടുവീഴ്ചയുടെയും സന്ധിയുടെയും സമീപനം സ്വീകരിക്കുന്നുവെങ്കിൽ അതിന്റെ പ്രതിഫലം അല്ലാഹുവിങ്കൽ ഉറച്ചിരിക്കുന്നു). എന്നും പ്രസ്താവിക്കുന്നുണ്ട്. യൂസുഫ്(അ) തന്നെ വധിക്കാൻ ശ്രമിച്ച സ്വന്തം സഹോദരന്മാർക്ക് മാപ്പു കൊടുത്തതും മുഹമ്മദ് നബി(സ) മക്കാ വിമോചന വേളയിൽ ഖുറൈശികൾക്ക് മാപ്പു കൊടുത്തതും, മാപ്പിന്റെയും വിട്ടുവീഴ്ചയുടെയും ലോകോത്തര മാതൃകകളാകുന്നു. ഈ രണ്ടു മാപ്പുകളും അക്രമികൾ അക്രമത്തിൽനിന്ന് പിന്തിരിഞ്ഞ ശേഷമായിരുന്നുവെന്നത് അനുസ്മരണീയമാണ്. അക്രമത്തിൽനിന്ന് പിന്മാറാൻ കൂട്ടാക്കാത്തവരെ തിരിച്ചടിക്കേണ്ടത് സജ്ജനങ്ങളുടെ നിർബന്ധ ബാധ്യത തന്നെയാണ്. إِذَا أَصَابَهُمُ الْبَغْيُ هُمْ يَنتَصِرُونَ ആ ആശയം ഉൾക്കൊള്ളുന്നുണ്ട്. ●

ആവശ്യമുണ്ട്

കോഴിക്കോട് വടകര ആസ്ഥാനമായി പ്രവർത്തിക്കുന്ന ബ്രാന്റഡ് ടെക്സ്റ്റൈൽസ് കമ്പനിയിൽ സെയിൽ എക്സിക്യൂട്ടീവുമാരെ ആവശ്യമുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിൽ അവസരം.

9645392982, 7560859543

email: ecorahomefurnishing@gmail.com